**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2507** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് മിഷൻ പദ്ധതി മുഖേന എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 1,16,911 വീടുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | അർഹതയുള്ള എല്ലാവർക്കും വീട് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | അർഹതയുള്ള എല്ലാവർക്കും വീട് നൽകുന്നതിനായി 2017-ലേയും 2019-ലേയും ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാത്ത ഗുണഭോക്താക്കളെ കരാർ വയ്പിച്ച് ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷ കളിന്മേൽ അർഹതാ പരിശോധനയും പുനപരിശോധനയും പൂർത്തീകരിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി.<br><br>സർക്കാരിന്റെ 15.11.2022-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2018-ലും 2022ലും വായ്പകൾ അനുവദി ക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടുഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെ ത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധന സഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>സർക്കാരിന്റെ 15.11.2022-ലെ സ.ഉ. (സാധാ)2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം 2017 ൽ തയ്യാറാക്കിയ ഗുണഭോക്തൃപട്ടികയിലും 2019 ലെ അഡീഷണൽ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവന രഹിതർക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിനും ലൈഫ് ഭൂരഹിതപട്ടികയിലെ ഗുണഭോക്താ ക്കൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസ ത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനുപുറമെ ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോ ടിത്തിരി മണ്ണ്' ക്യാമ്പയിനും ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ